**കേരള സർക്കാർ വിവര പൊതുജന സമ്പർക്ക വകുപ്പ്**

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കാസർകോട്

2018 ഡിസം**ബർ** 20,വ്യാഴം

# പത്രക്കുറിപ്പ്

**www.prd.kerala.gov.in** **04994 255145** **dioksgd@gmail.com**

## ''തുളു ക്രിസ്തുമസ് മിനദന'' 24ന്

കേരള തുളു അക്കാദമിയുടെ ആഭിമുഖ്യത്തിൽ ''ക്രിസ്തുമസ് മിനദന'' (ക്രിസ്തുമസ് ആഘോഷം) സംഘടിപ്പിക്കുന്നു. വോർക്കാടി മുറത്തണെയിൽ ഡിസംബർ 24ന് ഉച്ചയ്ക്ക് 3.30ന് ആഘോഷ പരിപാടികളുടെ ഉദ്ഘാടനം കർണ്ണാടക ലോകായുക്ത മുൻ രജിസ്ട്രാർ മൂസകുഞ്ഞി നായർമൂലെ നിർവഹിക്കും. തുളു അക്കാദമി ചെയർമാൻ ഉമേശ് എം. സാലിയാൻ അധ്യക്ഷത വഹിക്കും. വോർക്കാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബി.എ. അബ്ദുൽ മജീദ് മുഖ്യാതിഥിയാകും. തുളു ഭാഷയ്ക്ക് ക്രൈസ്തവ മിഷണറിമാരുടെ സംഭാവന എന്ന വിഷയത്തിൽ വോർക്കാടി ചർച്ചിലെ മുഖ്യപുരോഹിതൻ റവ. ഫ്രാൻസിസ് റോഡ്രിഗസ് സംസാരിക്കും. തുടർന്ന് കലാ-സാംസ്കാരിക പരിപാടികൾ അരങ്ങേറും.

## മംഗൽപ്പാടിയിൽ പെൻഷൻ അദാലത്ത്

മംഗൽപ്പാടി ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷ അപേക്ഷ നിരസിക്കപ്പെട്ടവർക്ക് ഡിസംബർ 29 ന് രാവിലെ 10.30 മുതൽ

ഗ്രാമപഞ്ചായത്ത് ഓഫീസിൽ പെൻഷൻ അദാലത്ത് സംഘടിപ്പിക്കും. അദാലത്തിലേക്കുള്ള പരാതി ഡിസംബർ 24 വൈകീട്ട് നാലു വരെ സമർപ്പിക്കാം. അപേക്ഷകന്റെ പേര്, പെൻഷൻ ഇനം, ആധാർ കാർഡ് നമ്പർ, തിരിച്ചറിയൽ രേഖയുടെ പകർപ്പ്, പരാതിയുടെ ചുരുക്കം, വാർഡ് നമ്പർ, ഫോൺ നമ്പർ, എന്നിവ അദാലത്തിലേക്കുള്ള അപേക്ഷയിൽ രേഖപ്പെടുത്തണം.

## ജില്ലാ ആസൂത്രണ സമിതി യോഗം 31 ന്

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിക്ക് അംഗീകാരം നൽകുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ യോഗം ഡിസംബർ 31 ന് ഉച്ചയ്ക്ക് 2 ന് ജില്ലാ ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ ചേരും. വാർഷിക പദ്ധതി അംഗീകാരിത്തിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പരിഷ്കരിച്ച സ്റ്റാറ്റസ് റിപ്പോർട്ട്, അന്തിമ പദ്ധതി രേഖ, തനതു ഫണ്ട് സ്റ്റേറ്റുമെന്റ്, ഭരണ സമിതി തീരുമാനം, വാർഷിക പദ്ധതിയിലെ പ്രൊജക്ടുകളും അനുബന്ധ റിപ്പോർട്ടുകളും എന്നിവ ഡിസംബർ 26 നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണം.

## അവലോകന യോഗം ഡിസംബർ 26 ന്

ഡിസംബർ 14 ന് നടത്താനിരുന്ന ബ്ലോക്ക്തല അവലോകന യോഗം ഡിസംബർ 26 ന് കാസർകോട് ജില്ലാ ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ നടക്കും. രാവിലെ പത്തിന് മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളുടേതും. പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളുടെയും യോഗം ഉച്ചയ്ക്ക രണ്ടിനും നടക്കും. തദ്ദേശ ഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻ, സെക്രട്ടറി, നിർവഹണ ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുക്കണം. യോഗത്തിൽ പങ്കെടുക്കാൻ കഴിയാത്ത നിർവഹണ ഉദ്യോഗസ്ഥർ ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി വാങ്ങണം. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ നിശ്ചിത പ്രോഫോർമയിൽ പദ്ധതി പുരോഗതി തയ്യാറാക്കി ഡിസംബർ 22 നകം ജില്ലാ പ്ലാനിംഗ് ഓഫീസിൽ സമർപ്പിക്കണം.

## പദ്ധതി നിർവഹണ പുരോഗതി അവലോകനം 27 ന് കണ്ണൂരിൽ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 2018-19 പദ്ധതി നിർവഹണ പുരോഗതി അവലോകനവും 2018-19 വാർഷിക പദ്ധതിയിൽ മികച്ച നേട്ടം കൈവരിച്ച

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ അനുമോദനവും ഡിസംബർ 27 ന് രാവിലെ 10.30 ന് കണ്ണൂർ സിവിൽ സ്റ്റേഷനിലെ ജില്ലാ ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ നടക്കും. തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ കാസർകോട് ജില്ലാതല അവലോകനവും ഉണ്ടാകും. തദ്ദേശ ഭരണ സ്ഥാപനങ്ങൾ പൂർത്തിയാക്കിയ പദ്ധതിയുടെ ബില്ലുകൾ ഉടൻ ട്രഷറിയിൽ സമർപ്പിച്ച് മാറ്റി എടുക്കണമെന്നും ജില്ലാതല ഉദ്യോഗസ്ഥർ അവരുടെ പരിധിയിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണ പുരോഗതി ഉറപ്പ് വരുത്തണമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

## ടെണ്ടർ ക്ഷണിച്ചു

ചിറ്റാരിക്കാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ ടെറസിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സമർപ്പിക്കേണ്ട അവസാന തിയ്യതി ജനുവരി 10 വൈകീട്ട് 3.30 വരെ. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

## സ്കൂൾ വിദ്യാർത്ഥികൾക്ക് പോസ്റ്റർ രചന മത്സരം

തിരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബുകളുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്ക് ഇലക്ഷൻ വകുപ്പ് പോസ്റ്റർ രചന മത്സരം നടത്തുന്നു. എത്തിക്കൽ ആന്റ് ഇൻക്ലൂസീവ് വോട്ടിങ്ങ്, റോൾ ഓഫ് ദി യൂത്ത് ഇൻ ഇലക്ഷൻ പ്രോസ്സസ്, നോ വോട്ടർ റ്റൂ ബി ലഫ്റ്റ് ബിഹൈൻഡ് എന്നീ 3 വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിനെ ആസ്പദമാക്കിയാണ് മത്സരം. സർക്കാർ,സർക്കാർ ധനസഹായം പറ്റുന്ന സ്കൂളുകളിലെ റഗുലർ വിദ്യാർത്ഥികൾക്ക് മാത്രമേ പോസ്റ്റർ രചനാ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളു. പോസ്റ്ററുകളിൽ യാതൊരുവിധ രാഷ്ട്രീയ ചിഹ്നങ്ങളോ നേതാക്കളുടെ പേരുകളോ പക്ഷപാതം തോന്നിക്കും വിധത്തിലുള്ള ചിത്രങ്ങളോ അടിക്കുറിപ്പുകളോ അടയാളങ്ങളോ നിറങ്ങളോ ഉപയോഗിക്കാൻ പാടില്ല. രചനകൾ സ്വാഭാവികതയുള്ളതും മറ്റു രചനകളിൽ നിന്നും കടംകൊണ്ടവയല്ലാത്തതുമാകണം. ഓരോ സ്കൂൾ മേധാവികൾക്കും പരമാവധി അഞ്ച് എൻട്രികൾ ജനുവരി 10 വരെ കളക്ടറേറ്റിൽ സമർപ്പിക്കാം.

## ഭരണഘടന സാക്ഷരതാ പുസ്തകം തയ്യാറായി

ഇന്ത്യൻ ജനാധിപത്യത്തിന്റെ നട്ടെല്ലായ ഭരണഘടനയെ സംബന്ധിച്ചുള്ള അവബോധം പൊതുജനങ്ങളിൽ സൃഷ്ടിക്കാൻ ഭരണഘടന സാക്ഷരതാ പുസതകം തയ്യാറായി.കേരള നിയമസഭയുടെയും സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഭരണഘടന സാക്ഷരത ജനകീയ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായാണ് പുസ്തകം പുറത്തിറക്കിയത്. ഭരണഘടനയുടെ ആമുഖം, മൗലിക അവകാശങ്ങൾ, അവയുമായി ബന്ധപ്പെട്ട ആർട്ടിക്കിളുകൾ, മൗലിക കടമകൾ തുടങ്ങി അടിസ്ഥാന കാര്യങ്ങൾ ലളിതമായി പ്രതിപാദിക്കുന്നതാണ് ഈ പുസ്തകം. മികച്ച ജനാധിപത്യ സംവിധാനം നിലനിൽക്കുന്ന ഇന്ത്യയിൽ ഭരണഘടനയെ പറ്റിയുള്ള വ്യക്തമായ അവബോധം, കെട്ടുറപ്പുള്ള സാമൂഹിക ജീവിതത്തിനും സുരക്ഷിതമായ വ്യക്തിജീവിതത്തിനും അനിവാര്യമാണ്. ഈ പശ്ചാത്തലത്തിൽ ഭരണഘടന സാക്ഷരത എന്ന ആശയത്തിന് ഏറെ പ്രശസ്തിയുണ്ട്. മൂല്യമുള്ള തലമുറയുടെ വികാസത്തിന് ഈ പുസ്തകം സഹായകരമാവുമെന്നാണ് വിലയിരുത്തൽ.

ഭരണഘടനാ നിർമ്മാണസഭ ഭരണഘടന അംഗീകരിച്ച ദിവസമായ നവംബർ 26 മുതൽ ജനുവരി 26 വരെയാണ് ഭരണഘടന സാക്ഷരത ജനകീയ വിദ്യാഭ്യാസ പരിപാടി സംഘടിപ്പിക്കുന്നത്. പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വാർഡുകളിലും ഈ പുസ്തകത്തെ അടിസ്ഥാനമാക്കി ക്ലാസുകൾ നടത്തും. അരക്കോടിയോളം ജനങ്ങൾ ഈ പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിൽ പങ്കാളിയാവുമെന്നാണ് വിലയിരുത്തൽ.

ജില്ലയിലെ തിരഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാർ, പ്രേരക്മാർ, ജന പ്രതിനിധികൾ, പത്താംതരം ഹയർസെക്കന്ററി തുല്യതാ പഠിതാക്കൾ എന്നിവർക്ക് പുസ്തകം വിതരണം ചെയ്യും. ജനുവരി ഒന്ന് മുതൽ ബന്ധപ്പെട്ട സാക്ഷരത സമിതികളുടെ നേതൃത്വത്തിൽ വാർഡ്തലങ്ങളിൽ ക്ലാസ്സ് നൽകും. ഇന്ന് (21)തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം ജില്ലാ പഞ്ചായത്ത് അനക്സ് ഹാളിൽ ജില്ലാ പഞ്ചായത്ത് പ്രസിന്റ് എജിസി ബഷീർ ഉദ്ഘാടനം ചെയ്യും.

## ക്വട്ടേഷൻ ക്ഷണിച്ചു

കുടുംബശ്രീ ജില്ലാ മിഷനിലേക്ക് പോർട്ടബിൾ പി എ സിസ്റ്റം, ഡി എസ് എൽ ആർ ക്യാമറ എന്നിവ നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. താല്പര്യമുള്ളവർ സിവിൽസ്റ്റേഷനിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ ഡിസംബർ 27 ന് വൈകുന്നേരം 5 മണിക്ക് അകം ക്വട്ടേഷൻ സമർപ്പിക്കണം.കൂടുതൽ വിവരങ്ങൾ- 04994 256111

## കെ-ടെറ്റ് സർട്ടിഫിക്കറ്റ് പരിശോധന

കാഞ്ഞങ്ങാട് ജില്ലാ വിദ്യാഭ്യാസ ഓഫീസിനു കീഴിലുള്ള പരീക്ഷാ സെന്ററുകളായ കാഞ്ഞങ്ങാട് ജി.വി.എച്ച്.എസ്.എസ്, നീലേശ്വരം രാജാസ് ഹയർ സെക്കന്ററി സ്കൂൾ, ഹോസ്ദുർഗ്ഗ് ജി.എച്ച്.എസ്.എസ്. എന്നീ സെന്ററുകളിൽ 2018 ഒക്ടോബർ മാസം നടന്ന കെ-ടെറ്റ് പരീക്ഷയെഴുതി പാസായവരുടെ സർട്ടിഫിക്കറ്റ് പരിശോധന കാറ്റഗറി 1, കാറ്റഗറി II, ഡിസംബർ 27 നും കാറ്റഗറി III, കാറ്റഗറി IV, ഡസംബർ 28 നും കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേനിലുള്ള ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നടത്തും.പരീക്ഷ പാസായവർ ഒറിജിനൽ സർട്ടിഫിക്കറ്റുകളും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, ഹാൾ ടിക്കറ്റിന്റെ പകർപ്പും മാർക്ക് ഇളവ് ലഭിച്ചവർ ജാതിതെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുമായി ഈ തീയതികളിൽ ഹാജരാകണം.കൂടുതൽ വിവരങ്ങൾക്ക് 04672206233, 9447450102

## മീറ്റപ് കഫേയിൽ ജസീൽ ബാഡൂർ അതിഥിയായെത്തുന്നു

ബുക്ക് മൈ ഷോ എന്ന അന്താരാഷ്ട്ര കമ്പനി ഏറ്റെടുത്ത ഇവെന്റിഫൈർ എന്ന സ്റ്റാർട്ടപ്പിന്റെ സഹസ്ഥാപകനായ ജസീൽ ബാഡൂർ മീറ്റപ് കഫേയിൽ അതിഥിയായെത്തുന്നു. കാസർകോട് ജില്ലക്കാരായ ജസീൽ ബാഡൂർ,നസീം,മുഹമ്മദ് എന്നിവർ 2012 ൽ ആരംഭിച്ച സ്റ്റാർട്ടപ്പിൽ 2013 ൽആക ്സിൽ,കേയീ എന്നീ നിക്ഷേപകർ 3 കോടിയോളം നിക്ഷേപിച്ചിരുന്നു.തുടർന്ന് 2016 ൽ ബുക്ക് മൈ ഷോ 14 കോടി രൂപക്ക് ഇവെന്റിഫൈറിന്റെ സിംഹഭാഗം ഷെയറും ഏറ്റെടുക്കുകയായിരുന്നു.കാസർകോട് സ്റ്റാർട്ടപ്പുകളെ സഹായിക്കാനും വളർത്താനും രൂപീകരിച്ച കാസർകോട് കമ്മ്യൂണിറ്റിയിൽ സജീവ സാന്നിധ്യമാണ് ജസീൽ.'സ്റ്റാർട്ടപ്പുകൾ ചെയ്യേണ്ടതും ചെയ്യാൻ പാടില്ലാത്തതും' എന്ന വിഷയത്തെ കുറിച്ച് ജസീൽ സംസാരിക്കും. ഇന്ന്(ഡിസമ്പർ 21 )രാവിലെ 10 മണിക്ക് ജില്ലാ പഞ്ചായത്തിലുള്ള കേരള സ്റ്റാർട്ടപ്പ് മിഷൻ ഓഫീസിലാണ് പരിപാടി. ബിസിനസ്സ് രംഗത്തു മികവ് തെളിയിച്ചവരും, മികച്ച സ്റ്റാർട്ടപ്പുകളുടെ ഫൗണ്ടർമാരും,അക്കാദമിക് വിദഗ്ദ്ധരും അവരുടെ അനുഭവങ്ങൾ മറ്റുള്ളവരുമായി പങ്കു വെയ്ക്കാനുള്ള ഒരു പ്ലാറ്റ്ഫോം എന്ന രീതിയിലാണ് കേരള സ്റ്റാർട്ടപ് മിഷൻ മീറ്റപ് കഫെ ആവിഷ്കരിച്ചിരിക്കുന്നത്.പങ്കെടുക്കാൻ താല്പര്യമുള്ളവർ https://bit.ly/2PMUeje എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യുകയോ 7736495689 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

## സപ്തദിന ക്യാമ്പ് ഇന്നാരംഭിക്കും

മഞ്ചേശ്വരം ജി.പി.എം. ഗവൺമെന്റ് കോളേജ് എൻ.എസ്.എസ്. വിഭാഗം യൂണിറ്റ് നമ്പർ 01 ന്റെ എൻ.എസ്.എസ്. സ്പെഷ്യൽ ക്യാമ്പ് ഇന്ന്(21) മുതൽ 27 വരെ ബേക്കൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്‌ക്കൂളിൽ നടത്തും. ഇന്ന് ഉച്ചയ്ക്ക് രണ്ടിന് സ്ക്കൂളിൽ നടക്കുന്ന ചടങ്ങിൽ മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡൻഡ് ഷാഹുൽ ഹമീദ് ബന്തിയോട് ക്യാമ്പ് ഉദ്ഘാടനം ചെയ്യും. മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് അംഗം ഉമേഷ് ഷെട്ടി മുഖ്യാഥിതിഥി ആയിരിക്കും.ഉപ്പള സിറ്റി, കട പ്പുറം, സ്ക്കൂൾ പരിസരം എന്നിവ വൃത്തിയാക്കൽ, ചെടി നടൽ തുടങ്ങിയവയാണ് കൃമ്പിൽ പ്രധാന കാര്യപരിപാടികൾ.

## ഗദ്ദികയ്ക്ക് നാളെ കാലിക്കടവിൽ വർണ്ണാഭമായ തുടക്കം

തനത് കലകളും പൈതൃകോത്പന്നങ്ങളും സംഗമിക്കുന്ന ഗദ്ദി ക സംസ്ഥാന മേളയ്ക്ക് കാസർകോടിന്റെ മണ്ണിൽ നാളെ(22) തുടക്കമാകും. പട്ടിക ജാതി -പട്ടിക വർഗ വികസന വകുപ്പും, കിർടാഡ്സ്സും ജില്ലാ ഭരണകൂടവും സംയു ക്തമായി സംഘടിപ്പിക്കുന്ന ഗദ്ദികമേളയ്ക്ക് ജില്ല ആദ്യമായിട്ടാണ് ആഥിത്യമരുളുന്ന ത്. പിലിക്കോട് ഗ്രാമ പഞ്ചായത്തിലെ കാലിക്കടവ് മൈതാനിയിൽ ഒൻപത് ദിവസങ്ങ ളിലായി നടക്കുന്ന മേളയുടെ ഉദ്ഘാടനം പട്ടികജാതി -പട്ടിക വർഗ പിന്നോക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി എ.കെ ബാലൻ നിർവഹിക്കും. റവന്യു വകുപ്പ് മന്ത്രി ഇ ചന്ദ്രശേഖരൻ അധ്യക്ഷത വഹിക്കും.

അന്യംനിന്നുപോകുന്ന ഗോത്രവർഗ പൈതൃകവും തനത്കലകളും സംരക്ഷിച്ച് പരിപോഷിപ്പിക്കുന്നതിനും പരമ്പരാഗത തൊഴിൽ ഉത്പന്നങ്ങൾ പൊതു സമൂഹത്തിന് മുൻപിൽ പ്രദർശിപ്പിച്ച് വിപണനം നടത്തുന്നതിനുമാണ് ഗദ്ദിക സംഘ ടിപ്പിക്കുന്നത്. മേളയിൽ സന്ദർശകരെ വരവേൽക്കാൻ ഗോത്ര വർഗ്ഗങ്ങളുടെ പര മ്പരാഗത തൊഴിൽ ഉത്പന്നങ്ങളും പരമ്പരാഗത രുചി കൂട്ടുകളും വൈദ്യ ചികിത്സാ രീതികളും ഉൾപ്പെടുന്ന നൂറോളം സ്റ്റാളുകൾ ഉണ്ടാവും. പ്രകൃതിയോട് ഇഴകി നിൽക്കുന്ന ഭക്ഷണ രീതികളും ആവിക്കുളി പോലുള്ള വൈദ്യ ചികിത്സാരീതികളും സന്ദർശകർക്ക് നവ്യനുഭവമാകും. ഇത് ഫാസ്റ്റ് ഫുഡിൽ നിന്നും പാർശ്വഫലങ്ങൾ നൽകുന്ന ഇംഗ്ലീഷ് മരുന്നകളിൽ നിന്നുള്ള മോചനവും നൽകാനുള്ള സാഹചര്യവും ഒരുക്കുന്നു. സായാഹനങ്ങളിൽ കാണികൾക്ക് ദൃശ്യവിരുന്നൊരുക്കാൻ സംസ്ഥാന ത്തിലെ വിവിധ ഗോത്രകലാരൂപങ്ങളുടെ ആവിഷ്കരണവും ഉണ്ടാകും. രാവിലെ 10 മുതൽ തുടങ്ങുന്ന മേളയിലേക്ക് പ്രവേശനം സൗജന്യമാണ്.

# പിലിക്കോടിന്റെ ജനകീയമേളയാകാൻ ഗദ്ദിക

പിലിക്കോടിന്റെ സാംസ്കാര പൈതൃകത്തിന് മുതൽക്കൂട്ടാകാൻ തനത് കലകളും പൈതൃകോത്പന്നങ്ങളും സംഗമിക്കുന്ന ഗദ്ദികമേളയ്ക്ക് നാളെ(22) തുടക്കമാകും. പട്ടികജാതി- പട്ടിക വർഗ വികസന വകുപ്പും കിർടാഡ്സ്സും ജില്ലാ ഭരണകൂടവും സംയുക്തമായി സംഘടിപ്പിക്കുന്നതാണ് ഗദ്ദികമേള.

കാണികൾക്കായി നൂറോളം സ്റ്റാളുകളിലായി കാടിന്റെ മക്കൾ പരമ്പരാഗതമായി നിർമ്മിക്കുന്ന തൊഴിൽ ഉത്പന്നങ്ങളുടെ പ്രദർശനവും പ്രകൃതിയോട് ഇഴുകി നിൽക്കുന്ന ഇവരുടെ ഭക്ഷണ- ഔഷധക്കൂട്ടുകളുടെയും പ്രദർശനവും ഒരുക്കും. പ്രകൃതിയിലേക്ക് മടങ്ങിപോകുക എന്ന സന്ദേശം വിളിച്ചോതി ആവിക്കുളി പോലുള്ള ചികിത്സാ രീതികളും പാർശ്വഫലങ്ങളില്ലാത്ത ഔഷധങ്ങളുടെ പ്രദർശനവും ആളുകൾക്ക് പരിചയപ്പടുത്തുമ്പോൾ ഗദ്ദികമേള വിസ്മയം എന്നതിലുപരി വിജ്ഞാനപ്രദമാകും. രോഗങ്ങൾ വിളിച്ചുവരുത്തുന്ന പാശ്ചാത്യ വിഷമയ ഭക്ഷണരീതികളിൽ നിന്നും പിൻതിരിയാനുള്ള സന്ദേശമുയർത്തി മരുന്ന് കാപ്പി, മുളയരി പായസം, ചാമയരി പായസം, തിന പായസം, തിന ഉപ്പ്മാവ്, ചാമ ഉപ്പ്മാവ്, മുത്താറി കൊണ്ടുള്ള വിഭവങ്ങളും ചോളപഴംപൊരി, രാഗി പഴംപൊരി, ജീരകശാല, ഗന്ധകശാല എന്നിവ കൊണ്ടുള്ള ദോശ, തേൻ നെല്ലിക്ക, കാട്ടുതേൻ, ചെറുതേൻ, കെല്ലിപ്പുട്ട്, കാരക്കുണ്ട് അപ്പം, വിവിധ തരം കാച്ചിൽ പുഴുങ്ങിയത്, ഇലക്കറികൾ തുടങ്ങിയ വനവിഭവങ്ങളുടെ പ്രദർശനവും മേളയിൽ ഒരുക്കിയിട്ടുണ്ട്.

കാരക്കുണ്ട്, അപ്പം, കൊല്ലിത്താള്, കൊമ്മേരി തുടങ്ങിയ വിഭവങ്ങൾ, ചേമ്പിൻ താള് കറി, ചുരുളിച്ചൊപ്പ് കറി,ചേമ്പ് ചുട്ടത്, ചേമ്പ് പുഴുങ്ങിയത്, കപ്പപുഴുങ്ങിയത്, മുളകു കഞ്ഞി, ചളുക പുട്ട്, റൊട്ടി കിഴങ്ങ്, ചാമകൊണ്ടുള്ള ഉപ്പ്മാവ് , കഞ്ഞി, ചീങ്കൽ നിച്ച്, ചീങ്കൽ നീര് , പുട്ട് മീൻ പുട്ടാട തുടങ്ങിയ വൈവിധ്യമാർന്ന സ്വാദേറും വിഭവങ്ങൾ ആരുടെയും മനം കവരുന്നതാണ്. പയറ് വർഗങ്ങളായ തുമര, അമര, അച്ചിങ്ങ,കാളതണുങ്ങണി തുടങ്ങിയവയും വിവിധ തരം പഴങ്ങളും, കൂണുകളും പ്രദർശനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മറയൂർ , വട്ടവട , കാന്തല്ലൂർ എന്നിവിടങ്ങളിൽ കണ്ടുവരുന്ന ഏറുമാടവും മേളയിൽ എത്തുന്നവർക്ക് പ്രത്യേകാനുഭവമാകും. മുള, മരകല്ലുകൾ, പുല്ല്, നെൽകതിരുകൾ എന്നിവ ഉപയോഗിച്ച് വളരെ ഉയരത്തിലാണ് ഏറുമാടം കെട്ടിയിരിക്കുന്നത്. കൂടാതെ മുളയുടെ വിവിധ ഉത്പന്നങ്ങളായ കസേര, മേശ, മുറം, വട്ടി ,കുട റാന്തൽ , കമ്മൽ , മാല തുടങ്ങിയ ആഭരണങ്ങൾ, കാപ്പി തടിയിലുള്ള ടിവി സ്റ്റാന്റ്, വിവിധ കയർ ഉത്പന്നങ്ങൾ, ബാലരാമപുരം കൈത്തറി ഉത്പന്നങ്ങൾ ഉൾപ്പടെയുള്ള സ്വയം സഹായ സംഘങ്ങളുടെ വിവിധ കൈത്തറി ഉത്പന്നങ്ങൾ, ഈറ കൊണ്ടുള്ള വിവിധ

ശിൽപ്പങ്ങൾ, തുടങ്ങിയവ മേളയുടെ മറ്റൊരു ആകർഷണീയതയാണ്. രാമച്ചം, കുന്തിരിക്കം, യൂലിപ്സ് തൈലങ്ങൾ പോലുള്ള തൈലങ്ങൾ, മീൻകുട, ആയുധങ്ങൾ, വിവിധ അലങ്കാര മത്സ്യങ്ങളുടെ പ്രദർശനവും മേളയുടെ പ്രത്യേകതയാണ്.

മേളയിലൂടെ ഗോത്ര വർഗ്ഗക്കാരുടെ വംശീയ വൈദ്യവും ചികിത്സാ രീതിയും പരിചയപ്പടാനുള്ള സുവർണ്ണാവസരവും ആളുകൾക്ക് ലഭിക്കും. ഗോത്ര വർഗ്ഗക്കാരുടെ സാംസ്കാരികവും പാരിസ്ഥിതികവുമായ ചുറ്റുപാടിൽ രൂപംകൊണ്ട വൈദ്യ രീതികൾ, വൈദ്യ പ്രയോഗങ്ങൾ, എന്നിവയെ ഒന്നടങ്കം വംശീയ വൈദ്യ മെന്നാണ് വിളിക്കുന്നത്. ഇതിൽ ഗോത്ര വംശജരുടെ വിശ്വാസങ്ങൾ, തനതറിവുകൾ, രോഗം കണ്ടെത്തുന്ന രീതികൾ, ചികിത്സ രീതികൾ. മരുന്നുകൾ എന്നിവ ഉൾപ്പെടുന്നു. വിവിധങ്ങളായ ത്വക്ക് രോഗങ്ങൾ, നാഡി രോഗങ്ങൾ, വാത രോഗങ്ങൾ , നേത്ര രോഗങ്ങൾ തുടങ്ങിയവയ്ക്ക് ഫലപ്രദമായ ഔഷധങ്ങൾ വംശീയ വൈദ്യത്തിലുണ്ട്. ഈ ഔഷധങ്ങളും ആവിക്കുളി , ഉഴിച്ചൽ പോലുള്ള ചികിത്സാ രീതികളും ഗദ്ദികയിൽ ആളുകൾക്ക് പരിചയപ്പെടുത്തും. വിവിധതരം ത്വക്ക് രോഗങ്ങൾ ശമിപ്പിക്കുന്നതിന് അറുപതിലേറെ പച്ചമരുന്നുകൾ കൊണ്ട് ഔഷധകൂട്ട് തയ്യാറാക്കിയാണ് ആവിക്കുളി ചികിത്സ നടത്തുന്നത്. തിരുനന്തപുരം ജില്ലയിലെ കാണി സമുദായക്കാരുടെ പാരമ്പര്യ ചികിത്സയാണിത്.

സായാഹ്നങ്ങളിൽ ഗദ്ദികയുടെ മനോഹാരിതയ്ക്ക് മാറ്റ് കൂട്ടാൻ സംസ്ഥാനത്തെ പലയിടങ്ങളിൽ നിന്നുള്ള ഗോത്രകലാരൂപങ്ങളായ പള്ളിയ നൃത്തം, പൂപ്പട തുള്ളൽ, കൊടക നൃത്തം, കേത്രാട്ടം, മലയകുടിയ നൃത്തം, പന്തിലാട്ടം, ഇരവാല നൃത്തം തുടങ്ങിയവ അവതരിപ്പിക്കും. കൂടാതെ മേളയ്ക്ക് നിറം പകരാൻ ചിത്രകാരൻമാരുടെയും, നാടൻപ്പാട്ടുകാരുടെയും സാന്നിധ്യമുണ്ടാകും.

## കൃഷ്ണയ്യർ സ്മരണകളുമായി നീലേശ്വരത്തെ ജലജീവനം

നീലേശ്വരം നഗരസഭ ഹരിത കേരളം മിഷൻറെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് 'ജലജീവനം അതിജീവനത്തിന്' പരിപാടിയുടെ ഭാഗമായി ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. 1957 ലെ ഇ.എം.എസ്. മന്ത്രിസഭയിലെ ജലസേചന വകുപ്പ് മന്ത്രിയായിരുന്ന ജസ്റ്റിസ് വി ആർ .കൃഷ്ണയ്യർ ഉദ്ഘാടനം നിർവ്വഹിച്ച പാലായി വള്ളിക്കുന്നുമ്മൽ കുളത്തിന്റെ നവീകരണ പ്രവർത്തനമാണ് നടത്തിയത്. നവീകരണ പ്രവൃത്തിയുടെയും, ശുചീകരണത്തിൻറെയും ഉദ്ഘാടനം നഗരസഭാ ചെയർമാൻ പ്രൊഫ:

കെ.പി.ജയരാജൻ നിർവ്വഹിച്ചു. ജലസേചനത്തിന് ഏറ്റവും അധികം ഉപയോഗപ്പെടുന്ന വള്ളിക്കുന്നുമ്മൽ കുളം പുനർ നിർമ്മിക്കുക വഴി ജനങ്ങളുടെ ചിരകാല അഭിലാഷമാണ് പൂവണിയുന്നത്.

ചടങ്ങിൽ കൗൺസിലർ.പി.മനോഹരൻ അദ്ധ്യക്ഷത വഹിച്ചു. നഗരസഭാ സെക്രട്ടറി ടി. മനോജ് കുമാർ, റവന്യൂ ഇൻസ്പെക്ടർ.കെ. മനോജ് കുമാർ, ടി.വി രാമകൃഷ്ണൻ, കെ .പി ഗംഗാധരൻ,ഒ.പി. വി.ദിവാകരൻ,.രൂപേഷ് ജെ.എച്ച്.ഐ തുടങ്ങിയവർ ആശംസാ പ്രസംഗം നടത്തി. പരിപാടിക്ക് കെ.വി.കുഞ്ഞികൃഷ്ണൻ സ്വാഗതവും ടി.വി.രാജൻ നന്ദിയും പറഞ്ഞു

**ഫോട്ടോ അടിക്കുറിപ്പ്(ഹരിത കേരളം)**

നീലേശ്വരം നഗരസഭ ഹരിത കേരളം മിഷന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് പാലായി വള്ളിക്കുന്നുമ്മൽ കുളത്തിന്റെ നവീകരണ പ്രവൃത്തിയുടെയും, ശുചീകരണത്തിൻറെയും ഉദ്ഘാടനം നഗരസഭാ ചെയർമാൻ പ്രൊഫ: കെ.പി.ജയരാജൻ നിർവ്വഹിക്കുന്നു

## പോലീസ് കംപ്ലയൻസ് അതോറിറ്റി സിറ്റിംഗ് നടത്തി

ജില്ലാ പോലീസ് കംപ്ലയൻസ് അതോറിറ്റിയുടെ ഡിസംബർ മാസത്തെ സിറ്റിംഗ് കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ നടത്തി. എഡിഎം എൻ ദേവിദാസ്, അതോറിറ്റി ചെയർമാൻ (റിട്ട. ജില്ലാ ജഡ്ജ്) കെ.വി. ഗോപികുട്ടൻ, ജില്ലാ പോലിസ് വിഭാഗം പ്രതിനിധികൾ തുടങ്ങിയവർ സംബന്ധിച്ചു. സിറ്റിംഗിൽ 27 കേസുകൾ പരിഗണിച്ചു. മൂന്നു കേസുകൾക്ക് പരിഹാരമുണ്ടായി. അടുത്ത സിറ്റിംഗ് ജനുവരി 23ന് നടത്തുമെന്ന് അധികൃതർ അറിയിച്ചു.